

നാടകങ്ങൾ

വെളിച്ചത്തിലേക്ക്

സി. ആർ. ദാസ്

★

ആഫീസ്

കേരള ശാസ്ത്രസാഹിത്യപരിഷത്ത്
മലപ്പുറം ജില്ലാ യൂണിററ്

കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്

കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ
ആഭിമുഖ്യത്തിൽ 1980 ഒക്ടോബർ 2 മുതൽ
നവംബർ 7 വരെയുള്ള കാലയളവിൽ
തിരുവനന്തപുരം ജില്ലയിലെ കാരക്കോണത്തുനിന്നും
കാസർകോട്ടുവരെ ഒരു ശാസ്ത്രകലാ ജാഥ
നടത്തുന്നതാണ്. അതോടനുബന്ധിച്ച്
സംസ്ഥാനത്തുടനീളം അവതരിപ്പിക്കുന്ന
സോദ്ദേശ കലാപരിപാടികളിലെ രണ്ടു നാടക
ങ്ങളാണ് വെളിച്ചത്തിലേക്കും, ആഫീസും. സ്കൂള്
കളിലും വായനശാലകളിലും പൊതുപരിപാടിക
ളോടനുബന്ധമായി പ്രയാസം കൂടാതെ ഇവ
അവതരിപ്പിക്കാൻ കഴിയും. അതിന് മുൻകൂർ
അനുവാദം വാങ്ങണമെന്നു നിർബന്ധവുമില്ല.

Velichathilekku & Office
C. R. Das & Malappuram Dist unit of KSSP.
First Published in September 1980
Reprinted in January 1981
Published and distributed by
Kerala Sastra Sahitya Parishad
Trivandrum—695001
Printed at: Swaraj Press & Publications, Trivandrum

Cover: Chandranandan
price: Re. 1-00

K S S P SKJ$_2$ FC/8 (300)

Paper used for the printing of this book has been made available by Government of India at concessional rate.

വെളിച്ചത്തിലേക്ക്

(നാടകം)

(പ്രാരംഭം)

(അനലംകൃതമായ രംഗവേദി. ചെണ്ട വാദ്യം മുഴങ്ങുന്നു. നടൻ പ്രവേശിക്കുന്നു. മെലോഡ്രാമാ രീതിയിലുള്ള അഭിനയം ആരംഭിക്കുന്നു.)

നടൻ— ആരെതിർത്താലും ആകാശം ഇടിഞ്ഞുവീണാലും ഞാനവളെത്തന്നെ കെട്ടുമെന്ന കാര്യത്തിൽ സംശയമില്ല. (കൈയിലുള്ള സംഭാഷണമെഴുതിയ കടലാസ് സൂത്രത്തിൽ നോക്കുന്നു.) മതത്തിൻെറയും ജാതിയുടെയും.....(സൂത്രധാരൻ പ്രവേശിച്ച്)

സൂത്രധാരൻ— എന്തു പണിയാടോ താൻ കാണിച്ചേ? നമ്മളിന്നു് കളിക്കുന്നതു് വെളിച്ചത്തിലേക്ക് എന്ന നാടകമാണു്.

നടൻ— (ഇളിഭ്യതയോടെ നിൽക്കുന്നു)

സൂത്രധാരൻ— (പ്രേക്ഷകരോട്) ഇദ്ദേഹം ഒരു സ്ഥിരം നടനാണു്. ഒരേ സമയം അഞ്ചും ആറും നാടകങ്ങളിൽ അഭിനയിക്കാറുണ്ട്, അതുകൊണ്ടു് പററിപ്പോയ ചെറിയ തെററാണു്. നിങ്ങൾ ക്ഷമിക്കണം. നാടകം തുടങ്ങട്ടെ. യാഥാർത്ഥ്യത്തിൻെറ പ്രതീതി ജനിപ്പിക്കാനൊന്നും ഞങ്ങൾ ഇവിടെ ശ്രമിക്കുന്നില്ല. നാടകത്തെക്കുറിച്ചുള്ള മുൻധാരണ അല്പസമയത്തേക്കു് നിങ്ങൾ മാററിവക്കണം.

ഇതു് ഒരു ശാസ്ത്രാദ്ധ്യാപകന്റെ മുറിയാണു്. (നടനെ വിളിച്ച്) എടോ, മൂന്നുവശവും ചുമരു്. (രംഗത്തിന്റെ ഒരു ഭാഗത്തേക്കുചൂണ്ടി) ഇവിടെ തന്റെ അലമാര, വസ്ത്രങ്ങളിടാനുള്ള സ്റ്റാൻറ്, (മറെറാരുവശത്തു്) ഇവിടെ മേശ, അതിനുമുകളിൽ ഒരു കൂജയും ഗ്ലാസും, (മറെറാരു വശം) ഇവിടെ രണ്ടു കതകുകളുള്ള പുറത്തേക്കുള്ള വാതിൽ. (ഇതിനിടയിൽ ഒരാറം ഒരു ചെയർ അവിടെ കൊണ്ടുവന്നിടുന്നു). ആക്ഷൻ (പോകുന്നു.) മാസ്റ്റർ അഭിനയം തുടങ്ങുന്നു. പുസ്തകം വായിച്ച് കസേരയിലിരിക്കുന്നു. അല്പസമയത്തിനുള്ളിൽ വാതിലിൽ മുട്ട കേൾക്കുന്നു. മാസ്റ്റർ എഴുന്നേററ് വാതിൽ തുറക്കുന്നു. രാഘവൻ പരിഭ്രാന്തനായി വാതിലിന്നരികിൽ നിൽക്കുന്നു.

മാസ്റ്റർ— എന്തുപററി രാഘവാ...

രാഘ— (കിതക്കുന്നു. മാസ്റ്റർ ഗ്ലാസിൽ വെള്ളമെടുത്തു് കൊടുക്കുന്നു. കുടിച്ച്)
ഒരു പേപ്പട്ടി നാട്ടുകാരെ പലരേം...ക....ടി...ച്ചു.

മാസ്റ്റർ— എത്രപേർക്കു കടിയേററു രാഘവാ....

രാഘ— കൃത്യായിട്ടറീല്ല മാഷേ....രാജനേം ഗോപ്യേം കൊറെ പേരേം കടിച്ചിട്ടുണ്ട്?

മാസ്റ്റർ— (ഷർട്ട് ഇട്ടു് തിരിച്ചുവന്നു്) വരൂ....നമുക്കു പോയി നോക്കാം. (ഇരുവരും പോകുന്നു. ഒരാറം കസേരയെടുത്തു് മാററുന്നു.

രംഗം രണ്ടു്

(ഒന്നാം കോറസ് പ്രവേശിച്ച്)

ഒന്നാമൻ— ശാസ്ത്രം അധ്വാനം

രണ്ടാമൻ— ശാസ്ത്രം പട്ടിണിമാററാൻ

മൂന്നാമൻ— ശാസ്ത്രം രോഗം മാററാൻ

(എല്ലാവരും) ശാസ്ത്രം ജനനന്മയ്ക്കു്

ശാസ്ത്രം പൊതുനന്മയ്ക്കു്

ശാസ്ത്രം സിന്ദാബാദ്

(രണ്ടാംകോറസ് പ്രവേശിച്ചു്)

ര.കോ— നിർത്തു ഹേ....നാടിൻെറ സംസ്കാരത്തെ വെല്ലുവിളിക്കുന്നതാപത്തു്.

ഒ. കോ— നിങ്ങൾ ശാസ്ത്രത്തിന്നെതിരോ?

ര.കോ—

(ഒന്നാമൻ) ഹിരോഷിമയിലും നാഗസാക്കിയിലും ലക്ഷക്കണക്കിനു് പേരെ കൊന്നതാരു്?

രണ്ടാ— കൊന്നതാരു്, കൊന്നതാരു്?

മൂന്നാ— കൊന്നതാരു്?

ഒ. കോ.

(ഒന്നാ) കൊന്നതു് കത്തി.

(രണ്ടാ) കത്തിയെ ജയിലിലിടുകയോ?

(മൂന്നാ) വിചിത്രം!

ര. കോ— മാനുഷിക മൂല്യങ്ങളെ തകർത്തതു് ശാസ്ത്രം.

ഒ. കോ— മനുഷ്യ പുരോഗതിക്കു് വഴി തെളിച്ചതു് ശാസ്ത്രം.

ര. കോ— ശാസ്ത്രം കുഴപ്പം....കുഴപ്പം....കുഴപ്പം.

ഒ. കോ— ശാസ്ത്രം നന്മ....നന്മ....നന്മ.

(സൂത്രധാരൻ വരുന്നു)

സൂത്ര— എന്താണിതു്. നിങ്ങളിവിടേം തൊടങ്ങിയോ?

(കോറസ് പിരിയുന്നു)

എന്തിനും രണ്ടഭിപ്രായം. ശരിയേതു് തെറേറതു് എന്നു നോക്കാതെ വഴക്കു കൂടാനേ ഇവർക്കറിയൂ.... വീണ്ടും കഥയിലേക്കു കടക്കാം.

(സൂത്രധാരൻ പോകുന്നു)

രംഗം മൂന്ന്

(ഒരാറം കദസര രംഗത്തു് കൊണ്ടുവന്നിടുന്നു. മാസ്റ്റർ വന്നിരിക്കുന്നു. മുഖത്തു് വിഷമം. മന്ത്രവാദി കിട്ടു പ്രവേശിച്ച് വാതിലിനടുത്തു നിന്നു് വെളിയിലാരോ ടോ പറയുന്നു.)

കിട്ടു— എടാ...ചുട്ട കോഴിയെ പറപ്പിക്കുന്നവനാണെടാ ഈ കിട്ടുവാശാൻ. ഒന്നു ചോദിച്ചുതന്നെ അടങ്ങു.... (പെട്ടെന്നു് തിരിയുമ്പോൾ മാസ്റ്ററെ കാണുന്നു. ഭാവം മാറി) അകത്തേക്കു് വരാമോ മാഷേ.

മാസ്റ്റർ— വരൂ....ഇരിക്കൂ.

കിട്ടു— ഇരിക്കാനല്ല ഞാൻ വന്നതു്. പേപ്പട്ടിവിഷം എവിടെവരെയായി?

മാസ്റ്റർ— പേപ്പട്ടി കടിച്ചവരെ കുത്തിവയ്ക്കണമെന്നു് ഞാൻ പറഞ്ഞു. രാജനെ കുത്തിവയ്പിക്കാൻ മാത്രം നിങ്ങൾ സമ്മതിച്ചില്ല. കുത്തിവയ്പിനു വിധേയമാക്കണമെന്നു പറഞ്ഞിട്ടുണ്ടു്.

കിട്ടു— (കോപത്തോടെ) താനീ നാടു മുടിക്കും.

മാസ്റ്റർ— ഇപ്പോൾ വാദി പ്രതിയായോ? വൈദ്യരേ—നിങ്ങളുടെ ജപിച്ച വെള്ളം കുടിക്കരുതെന്നു് ഞാൻ പറഞ്ഞിട്ടില്ല. കുത്തിവക്കണമെന്നേ പറഞ്ഞിട്ടുള്ളൂ.

കിട്ടു— കുത്തിവച്ചാൽ പേയിളകാതിരിക്കുമെന്നതിനെന്താ ഉറപ്പ്?

മാസ്റ്റർ— എന്റെ അറിവും അനുഭവവും വച്ച് നോക്കുമ്പോൾ പേപ്പട്ടി വിഷത്തിനു് ഒരേ യൊരു ചികിത്സയേ ഉള്ളൂ. അതു് കുത്തിവെപ്പാണു്.

കിട്ടു—ഞാൻ ജപിച്ച വെള്ളം കുടിച്ചാൽ ഏതു് പേയും ('തീരും' എന്നാംഗ്യം കാണിക്കുന്നു.)

മാസ്റ്റർ— വൈദ്യരെ... നിങ്ങൾ പറയുന്നതു ശരിയല്ല. നിങ്ങളുടെ മന്ത്രവാദം മൂലം ശരിയായ പ്രതിവിധി

തേടാൻ ജനങ്ങൾക്ക് കഴിയുന്നില്ല.

കിട്ടു— മാഷേ, ഈ കത്തിവെപ്പ് തൊടങ്ങീട്ടെത്ര കാലമായി? കത്തിവെപ്പിന് മുമ്പും ഇവിടെ പേപ്പട്ടിയുണ്ടായിരുന്നു. ആളുകളുണ്ടായിരുന്നു. കടിയേററിരുന്നു. പേയിളകിയിരുന്നു. എന്നിട്ടാരാ മാററാറുള്ളത്? എൻെറ അച്ഛൻ, അച്ഛൻെറ അച്ഛൻ, അച്ഛൻറച്ഛൻറച്ഛൻ....തലമുറകളായി, പരമ്പരയായി കൈമാറിയ! സിദ്ധി! അതെവിടെ? നിങ്ങളുടെ സൂപ്പിയെവിടെ?

മാസ്റ്റർ— നിങ്ങളെന്തു മന്ത്രവാദവും നടത്തിക്കോളൂ.... ആ രാജനെ കൂടി ഒന്നു കത്തിവക്കാനനുവദിക്കൂ....ഹോ. ഒരു മനുഷ്യ ജീവനും കൂടി....

കിട്ടു— മാഷേ....ഇതൊരു വെല്ലുവിളിയാണ്. കത്തി വെപ്പു നടത്താതെ രാജൻെറ രോഗം....ഈ കിട്ടു മാററും.
(ആകാശത്തേക്കു നോക്കി.)
എൻെറ പരദേവതകളേ....
ഓം ക്ലീം....ഹ്രീം.... ചാമുണ്ഡേശ്വരി.... രക്തേശ്വരി....
കരിങ്കുട്ടീ....ഭൈരവീ....നീ നോക്കിക്കോ

രംഗം നാല്

ഒന്നാം കോറസ്

ന്യൂട്ടൺ നൽകിയ ദീപശിഖ
ബ്രൂണോ നൽകിയ ദീപശിഖ
ഐൻസ്റ്റൈൻ നൽകിയ ദീപശിഖ
പാസ്ചർ നൽകിയ ദീപശിഖ
അജ്ഞാനത്തിൻ കൂരിരുളിൽ
നേർവഴി കാട്ടിയ ദീപശിഖ
പുതിയൊരു ലോകം സൃഷ്ടിക്കാനായ്
വരുന്നു ഞങ്ങൾ മുന്നോട്ട്

(രണ്ടാം കോറസ്)

മന്ത്രവാദം മന്ത്രവാദം
മനുഷ്യമോചനമാർഗം

(രീതിമാററി)

സർപ്പദോഷം തീരേണം
കാലദോഷം തീരേണം
കാലി ദോഷം തീരാൻ പോലും
മന്ത്രവാദം വേണം.

ഒ കോ— അന്ധവിശ്വാസങ്ങൾ പരത്തുന്നവരെ തൂക്കിലിടണം.

രണ്ടാം കോ— വിശ്വാസങ്ങളുടെ കടയ്ക്കൽ കത്തിവയ്ക്കുന്നവരെ നാടുകടത്തണം.

സൂത്രധാരൻ— (പ്രവേശിച്ച്) നിർത്തുവിൻ വഴക്ക്.

(കാണികളോട്)

സുഹൃത്തുക്കളെ, ഇവരുടെ ഈ തർക്കം കാണുമ്പോൾ എനിക്കിടപെടാൻ തോന്നുന്നു. സൂത്രധാരനായിട്ടല്ല. കഥാപാത്രമായിട്ട്. പക്ഷെ, ഒരു കുഴപ്പമുണ്ട്. ഇവരെന്നെ കൂട്ടേച്ചാന്നറിഞ്ഞൂടാ. നേരത്തെ തന്നെ എനിക്കൊരു റോളുതന്നില്ല. പക്ഷെ, ഒടുക്കം വളരെ നിർബന്ധിച്ചിട്ടാ സൂത്രധാരനാക്കിയത്. മാത്രമല്ല....നിങ്ങളെന്നെ ശപിക്കുന്നുണ്ടാവും. നാടകത്തിന്റെ രസച്ചരട് ഞാനിടയ്ക്കുവന്ന് മുറിക്കണെതിനു്....എനിക്ക് അഭിനയിക്കണം ന്ന് വല്യ ആശ! എന്തായാലും ഞാനൊന്നു ചോദിച്ചു നോക്കട്ടെ.

(കോറസ്സുകളോട്)

അല്ല, നിങ്ങളോടൊരു കാര്യം ചോദിക്കട്ടെ. എനിക്കൊരു റോള് തരാവോ?

രണ്ട് കോറസ്സുകളും

തരാം....തരാം....

സൂത്ര— രക്ഷപ്പെട്ടു.

ര. കോ— ഒരു കാര്യം. ഞങ്ങളുടെ കൂട്ടത്തിൽ കൂടാമെങ്കിൽ മാത്രം.

ഒ. കോ— അതു പററില്ല, നിങ്ങൾ സൂത്രധാരനല്ലേ? വിവരമുള്ളോനല്ലേ? അപ്പോ ഞങ്ങളുടെ പക്ഷത്തു ചേരണം

ര. കോ— ഞങ്ങളുടെ കൂടെയാണ് ജനങ്ങൾ, നിങ്ങൾ ഞങ്ങളോടൊത്തുവരണം.

രണ്ടുകോറസ്സും "ഞങ്ങളുടെ കൂടെ" എന്നു പറഞ്ഞ് ബഹളമുണ്ടാക്കുന്നു.)

സൂത്ര— (തലക്കു കൈ കൊടുത്ത്) ഞാൻ ധർമസങ്കടത്തിലായല്ലോ? ഒന്നഭിനയിക്കാം എന്നുവച്ചപ്പോൾ അതിനും തർക്കം. (ഭാവം മാററി കാണികളോട്) ഞാൻ സൂത്രധാരനാണ്. എനിക്ക് എല്ലാവരും ഒരുപോലെയാണ്. തൽക്കാലം തടി കേടാവണ്ടാന്ന് വച്ചാല് നിഷ്പക്ഷത പാലിക്ക്യാ നല്ലതു്. (കാഴ്ചക്കാരോട് രഹസ്യം പറയുന്ന മട്ടിൽ). ഒടുക്കം ആരാ ജയിക്കണേന്നുവച്ചാൽ അവരുടെ കൂടെ ചേരേം ചെയ്യാം. ഈ വക രംഗത്തേക്ക് ആ മാഷാ നല്ലതു്. അയാളേതായാലും കുറച്ച് ശാസ്ത്രബോധമുള്ള ആളാ. ഞാൻ ആ മാഷെ വിടാം. (പോകാൻ തിരിയുന്നു) മാസ്റ്റർ വരുന്നു.

മാസ്റ്റർ— എന്താ എന്നെ വിളിച്ചോ?

സൂത്രധാരൻ— വിളിക്കണംന്ന് വിചാരിച്ചു. ഇവിടെ വല്യ തർക്കം. എന്നെക്കാൾ അറിവ് മാഷ്ക്കാണല്ലോ. ഒന്നു പറഞ്ഞു തീർക്കൂ....

(സൂത്രധാരൻ പോകുന്നു)

മാസ്റ്റർ— (കോറസ്സുകാരുടെ അടുത്തുചെന്ന്) എനിക്ക് പക്ഷമുണ്ട്.

(ഗോപി പ്രവേശിക്കുന്നു.)

ഗോപി— മാഷെൻെറ ദൈവമാണ്. എന്നെ രക്ഷിച്ചു. മാഷില്ലായിരുന്നെങ്കിൽ....

ഒ. കോ— ആഹ്ളാദത്താൽ തുള്ളിച്ചാടുന്നു. മാസ്റ്റർക്ക് ഭാവഭേദമില്ലെന്നുകണ്ട്)

എന്താ, മാഷേ. വിഷമിച്ചു നിൽക്കുന്നതു്. അന്ധവിശ്വാസികളുടെ എതിർപ്പുണ്ടായിട്ടും ഗോപിയെ രക്ഷിക്കാൻ കഴിഞ്ഞ ഈ സന്ദർഭത്തിൽ നമ്മള് സന്തോഷിക്കയല്ലേ, വേണ്ടതു്?

മാസ്റ്റർ— ഗോപി രക്ഷപ്പെട്ടതിൽ എനിക്കു് കൃതാർഥതയുണ്ട്. പക്ഷെ, ഗോപിയോടൊപ്പം രക്ഷപ്പെടേണ്ടിയിരുന്ന രാജൻ മരിച്ചു. അല്ല ആ ചെറുപ്പക്കാരനെ ഈ അന്ധവിശ്വാസികൾ കൊന്നു. പറയൂ....നാം സന്തോഷിക്കുകയാണോ വേണ്ടതു്?

[രണ്ടാം കോറസ് തലതാഴ്ത്തി നിൽക്കുന്നു. ഒന്നാം കോറസ്സിൻെറ മുഖത്തു് ഗൗരവം]

മാസ്റ്റർ— (രണ്ടാം കോറസ്സിനോട്) നിങ്ങൾക്കു് തൃപ്തിയായില്ലേ? ഇനിയെങ്കിലും കണ്ണുതുറന്നു് സത്യത്തെ കാണൂ....

സൂത്രധാരൻ— (പ്രവേശിച്ച്)

സുഹൃത്തുക്കളെ,

നിങ്ങളിവിടെ രണ്ടു വിഭാഗം മനുഷ്യരെ കണ്ടു. അതിലേതു വിഭാഗത്തിൻെറ കൂടെയാണു് നിങ്ങൾ ഇപ്പോൾ നിൽക്കുന്നതെന്നും അതു് ശരിയായ വഴി തന്നെയാണോ എന്നും ചിന്തിക്കാനെങ്കിലും ഈ നാടകം സഹായിച്ചിട്ടുണ്ടെങ്കിൽ ഞങ്ങൾ കൃതാർഥരായി.

(സൂത്രധാരൻ പിൻവാങ്ങുന്നു.)

□

[തെരുവുനാടകം]

ഓഫീസ്

തയ്യാറാക്കിയതു്:

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

മലപ്പുറം ജില്ല

കഥാപാത്രങ്ങൾ

1. അപേക്ഷകൻ
2. 3 പേരടങ്ങിയ ഗായകസംഘം
3. സെക്ഷൻ ഓഫീസർ–സ്വാമി
4. എൽ. ഡി. ക്ലാർക്ക്-ഫയൽവാൻ
5. നല്ലവനായ സെക്ഷൻ ഓഫീസർ
6. കോൺട്രാക്ടർ
7. പ്യൂൺ
8. പരിഷത്ത് പ്രവർത്തകൻ

(പേരുകൾ നടന്മാരുടേതു തന്നെ. പല ദിവസങ്ങളിലായി നടന്ന പല സംഭവങ്ങൾ രണ്ടാം രംഗത്തിൽ ഒതുങ്ങുന്നു. സിവിൽ സ്റ്റേഷനിലെ വലിയ ഒരു ഓഫീസിന്റെ ഒരു ഭാഗം മാത്രമാണ് രണ്ടാം രംഗം. സെക്ഷൻ ഓഫീസറും ഫയൽ

വാനും വരുന്ന രംഗങ്ങളിൽ മനോധർമ്മമനുസരിച്ച് പാത്ര സ്വഭാവം വ്യക്തമാക്കുന്ന സംഭാഷണങ്ങൾ ആവാം. വെള്ള പ്പൊക്കത്തിൽ വീട്ട നഷ്ടപ്പെട്ട പാവപ്പെട്ട ഗ്രാമീണൻ സർക്കാരിൽ നിന്നും സഹായധനത്തിന് അപേക്ഷിക്കുന്നു. ചുവപ്പുനാടയുടെ പിടിയിൽ അമർന്ന് ഞെരിഞ്ഞു പിടയുന്ന ആ പാവപ്പെട്ടവൻെറ പ്രശ്നമാണ് കേന്ദ്രപ്രമേയം.

പ്രാരംഭത്തിൽ നാടകത്തിൻെറ യാതൊരു സൂചനയും ഉണ്ടാകരുത്. ഗായകസംഘം അവതരിപ്പിക്കുന്ന ഏതോ പരിപാടി എന്നേ കാണികൾക്കു തോന്നാവൂ. അപേക്ഷകൻ കാണികൾക്കിടയിലാണ്.

രംഗം—1

[തെരുവീഥി. ഗായകസംഘം പ്രവേശിക്കുന്നു.]

ഗായകസംഘത്തലവൻ: സുഹൃത്തുക്കളെ, ഞങ്ങളിന്ന് ഒരു ഓണപ്പാട്ടോടുകൂടി പരിപാടികൾ ആരംഭിക്കുകയാണ്.

[സംഘഗാനം ആലപിക്കുന്നു.]

പൂവേ....പൊലിപൂവേ....പൊലി പൂവേ....
ഓണം വന്നോണം വന്നോണം വന്നേ
ഓണം വന്നോണം വന്നോണം വന്നേ
അത്തപ്പൂവിട്ടുവരുന്നേ
തൃക്കാക്കരയപ്പനുണർന്നേ
പുത്തൻ മലർ വണ്ടു മുകർന്നേ
നൽത്തേൻ കുഴമ്പുണ്ടു രസിച്ചേ

[ഓണം....]

ഒരാൾ— പടിഞ്ഞാറൻ കടലിളകീ....
തെക്കൻകാററലറി വീശീ....
മലവെള്ളക്കുടിയിറക്കിൽ
അടിയാൻെറ കുടിലുപോയേ....

സംഘം—

ഓണം പിറന്നാലും
ഉണ്ണി പിറന്നാലും
കോരനു കുമ്പിളിൽ കഞ്ഞി
കോരനു കുമ്പിളിൽ കഞ്ഞി

[ഈ വരികൾ ആവർത്തിക്കുന്നതിനിടയിൽ കാണികൾക്കിടയിൽ ഒരു ബഹളം കേട്ട് പെട്ടെന്നു നിലയ്ക്കുന്നു. ഏതോ ഒരാൾ ബോധം കെട്ടു വീണതാണ്. അപേക്ഷകനാണ് വീഴേണ്ടത്. കാണികൾക്കിടയിൽ നിന്നും വിവിധ പ്രതികരണങ്ങൾ.]

ഒരാൾ— എന്തുപറ്റി?

മറ്റൊരാൾ—ആരാണിത്?

വേറൊരാൾ—കണ്ടുപരിചയമില്ലല്ലോ.

[ഗായകസംഘം ബഹളം കേട്ടിടത്തേക്കു നീങ്ങി.]

സംഘത്തിൽ ഒരാൾ—നിങ്ങളിങ്ങനെ കൂട്ടം കൂടി നിൽക്കാതെ. അല്പം കാറ്റും വെളിച്ചവും കിട്ടട്ടെ.

[അപ്പോഴേക്കും ആരോ ഒരാൾ അല്പം വെള്ളവുമായി വരുന്നു. ഒരാൾ വെള്ളം വാങ്ങി വീണു കിടക്കുന്ന ആളിന്റെ മുഖത്തു തളിക്കുന്നു.]

സംഘത്തിൽ ഒരാൾ—നമുക്ക് അങ്ങോട്ടു കിടത്താം.

മറ്റൊരാൾ—ഓ, പരിപാടിയാകെ കലങ്ങിയല്ലോ!

വേറൊരാൾ—ഒരു മനുഷ്യൻ വീണുകിടക്കുമ്പോൾ പരിപാടി! പിടിക്ക്-ങ്ങും [ഗായസംഘം അയാളെ താങ്ങി അരങ്ങിൽ ഒരിടത്തു കിടത്തുന്നു. ഒരാൾ വീശിക്കൊടുക്കുന്നു. മറ്റുള്ളവർ പരസ്പരം എന്താണിനി തങ്ങൾ ചെയ്യേണ്ടതെന്ന് സ്വകാര്യമായി ചർച്ചചെയ്യുന്നു. അപ്പോഴേക്കും അപേക്ഷകൻ കണ്ണു തുറന്നു]

വീശിക്കൊടുക്കുന്ന ആൾ— കണ്ണു തുറന്നു [എല്ലാവരും അപേക്ഷകനെ നോക്കി.]

അപേക്ഷകൻ—ഞാൻ—എവിടെയാണ്. ഞാൻ എവിടെയാണ്.

സംഘം—പേടിക്കേണ്ടാ. ഞങ്ങൾ നിങ്ങളുടെ സുഹൃത്തുക്കളാണ്. എന്തു പററി?

ഒരാൾ—ഇന്നൊന്നും കഴിച്ചില്ലേ?

[എല്ലാവരും ചേർന്ന് അപേക്ഷകനെ പതുക്കെ പിടിച്ചെഴുനേൽപ്പിക്കുന്നു.]

അപേക്ഷകൻ—കളക്റ്ററാപ്പീസുവരെപ്പോയതാ. വെയിലേററുകൊണ്ട. അതുകൊണ്ടാ....

സംഘത്തിൽ ഒരാൾ—നിങ്ങളുടെ പേരെന്താ?

അപേക്ഷകൻ—തങ്കപ്പൻപിള്ള.

സംഘ: ഒരാൾ—വീടെവിടെയാ?

അപേക്ഷകൻ—ആ പാടത്തിൻെറക്കരെ പഞ്ചായത്തു വഴിയോടു ചേർന്നാ എൻെറ സാറെ. ഈ കഴിഞ്ഞവർഷത്തിന് വീടാകെ ഇടിഞ്ഞുപൊളിഞ്ഞു വീണു. സ്കൂളിൻെറ കോലായിലാ ഇപ്പോ താമസം.

സംഘ: ഒരാൾ— അയ്യോ കഷ്ടം?

മറെറാരാൾ—വരൂ നമുക്ക് കൂടൊടെ ഒരു ചായകുടിക്കാം. വീട്ടിലേക്ക് അല്പം കഴിഞ്ഞു പോയാൽമതി. [ഗായകസംഘം അപേക്ഷകനേയും കൂട്ടി സ്ഥലം വിടുന്നു.]

രംഗം 2

[വലിയ ഒരു സർക്കാരാഫീസിൻെറ ഒരു ഭാഗം. പ്യൂൺ—താളാത്മകമായി ചലിച്ചു പിൻവശത്തുവരുന്നു. പ്യൂണിൻെറ വലതുകൈ മുട്ടിനു താഴെ ഭാഗം സദാ മലർത്തിപ്പിടിച്ചിരിക്കും. ഇടതു കൈ പുറകുവശത്ത് മലർത്തിയ രീതിയിൽ. രംഗത്ത് രണ്ടു കസേരകൾ കൊണ്ടുവന്നിടുന്നു. കലണ്ടറിലെ ഷീററു മറിച്ചിടുന്നു—മേശ. കസേര തുടങ്ങിയവയിലെ പൊടി തട്ടിക്കളയുന്നു. ഫയലൊക്കെ ഒതുക്കിവെക്കുന്നു. മേശയിൽ

നിന്നും ഫയൽക്കെട്ടെടുത്തു് കട്ടപിടിച്ച പൊടി ഊതിക്കള യുന്നു. ഫയൽ യഥാസ്ഥാനം വെക്കുന്നു]

പ്യൂൺ— [സ്വയം] മണി പത്തുപതിനൊന്നായി. ഇതുവരെ ഒരൊററ മനുഷ്യജീവി....ഒുഹ്ഹം.... [ഇല്ല എന്ന അർഥത്തിൽ] എന്റെ ഒരു യോഗമേ! അതിരാവിലെ ഓഫീസിലെത്തുക. നേരമിരുട്ടി മടങ്ങുക. ഗുരുവായൂരപ്പാ. വരുന്ന ജന്മത്തിലെങ്കിലും നീ എന്നെ ഒരു സക്കാർ പ്യൂണാക്കല്ലേ. പട്ടിയോ, പൂച്ചയോ ആക്കിക്കോ. എന്നാലും ഈ പണിവയ്യ. എങ്ങാനും ഗതികേടുകൊണ്ടു് രണ്ടു രൂപ വാങ്ങിപ്പോയാൽ ഉറക്കമില്ലാതെ കിടക്കണം.

[തങ്കപ്പൻപിള്ള—അപേക്ഷകൻ—പ്രവേശിക്കുന്നു] ഹേയ്, ഹേയ് ഇതെന്താ ബന്ധുവീടോ മററൊ ആണോ, കേറിയിങ്ങു വരാൻ.

തങ്കപ്പൻപിള്ള—സാറേ ഞാൻ....ഞാൻ....

പ്യൂൺ—താനൊന്നും പറയണ്ട. കുറച്ചു ദിവസമായിട്ടു് ഞാൻ തന്നെ ശ്രദ്ധിക്കുവാ. തന്റെ കാര്യം പരിഗണന അർഹിക്കുന്നതല്ല.

തങ്കപ്പൻപിള്ള—എന്നു പറഞ്ഞാൽ....

പ്യൂൺ—പരിഗണനവേണോ? ഇതൊരു സർക്കാരാപ്പീസാണു്. ഇവിടെ ചില പിട്ടയും മുറയുമൊക്കെയുണ്ടു്. തനക്കറിയില്ലെങ്കിൽ ഞാൻ പറഞ്ഞുതരാം. കാര്യം നടക്കാനുള്ള വഴി.

[അപേക്ഷകന്റെ ചെവിയിലെന്തോ സ്വകാര്യം പറയുന്നു.]

തങ്കപ്പൻപിള്ള—കാര്യം നടന്നാൽ അതൊക്കെ ഞാൻ ചെയ്യും.

പ്യൂൺ—താനൊന്നു പുറത്തുപോയി ഒരു ചായകുടിച്ചുവാ. അതാ. സാറുവരുന്നുണ്ടു്. ഞാനേററു, കുഴപ്പമില്ല.

[തങ്കപ്പൻപിള്ള പോകുന്നു. പ്യൂൺ അററൻഷനായി. സെക്ഷൻ ഓഫീസർ സ്വാമി ഒരു ശൃംഗാരശ്ലോകം മൂളിക്കൊണ്ടു് കടന്നു വരുന്നു]

പ്യൂൺ—ഗുഡ്മോണിംഗ് സർ. [സ്വാമി തലയാട്ടുന്നു]

[സ്വാമി, കട, ചോററുപാത്രം എന്നിവമൂലയിൽ കൊണ്ടു വയ്ക്കുന്നു. തന്റെ കസേരയിൽ വന്നിരുന്നു് പ്യൂണിനെ നോക്കി.]

സ്വാമി—എന്താണു ഗോപീ ഇന്നലെ ഒരു കോളടിച്ച ലക്ഷണമുണ്ടല്ലോ.

ഗോപി—എനിക്കെന്തു കോളുസാറെ? പിന്നെ ഒരു സുഹൃത്തിനെ പട്ടണത്തിൽവച്ചൊന്നുകണ്ടു.

സ്വാമി—ശരി, ശരി, ഒരു ഫൈവ് മണീസ്. അല്ലേ? നടക്കട്ടെ, നടക്കട്ടെ ഭാഗ്യവാൻ.

[ഒഴിഞ്ഞു കിടക്കുന്ന കസേരകളിലേക്കു നോക്കി] മണി പതിനൊന്നു കഴിഞ്ഞു. നാരായണനും വിശാലാക്ഷിയും വസുമതിയും ഒന്നും എത്തിയില്ലല്ലോ. ഒരു പ്രത്യേക കസേരയിലേക്കു നോക്കി] ങേ, പങ്കജാക്ഷിയമ്മയും എത്തിയിട്ടില്ല.

[മേശവലിപ്പിൽ നിന്നു് മുറുക്കാൻ പൊതിയെടുത്തു വിശാലമായി മുറുക്കുന്നു. ഫയൽവാൻ—L. D. C. നാരായണൻ—ഗുഡ്മോണിംഗ് സ്വാമി, എന്നു പറഞ്ഞു് കടന്നുവരുന്നു.]

സ്വാമി— എന്താണു് മിസ്റ്റർ നാരായണൻ എന്നുമിങ്ങനെ ലേററാവുന്നതു്? ഇതാവർത്തിക്കരുതു്, ഡോൺട് റിപ്പീററിററ്.

[നാരായണൻ സ്വാമിയുടെ മേശപ്പുറത്തുനിന്നും ഹാജർ രജിസ്റ്റർ എടുത്തു് ഒപ്പിടുന്നതിനിടയിൽ]

നാരായണൻ— ഒന്നും പറയേണ്ട സ്വാമീ ഇന്നുതടഞ്ഞു.

സ്വാമി— തടഞ്ഞോ?

നാരായണൻ— എന്നു വച്ചാൽ, തടയും. രാവിലെ ബസ്സു കാത്തുനിൽക്കുമ്പോഠം വലയിൽ വീണുകഴിഞ്ഞു.

സ്വാമീ— ഭാഗ്യവാൻ. ഭാഗ്യവാൻ. മിസ്റ്റർ നാരായണൻ പങ്കജാക്ഷിഅമ്മ ഇന്നും വന്നിട്ടില്ല.

[നാരായണൻ ഇതിനിടയിൽ ഷർട്ട് ഊരി കസേരയിൽ ഇട്ടന്നു] എന്താണ് ഭാവം മിസ്റ്റർ നാരായണൻ? വല്ല സ്ട്രീക്കിങ്ങോ മറേറാ ഉണ്ടോ?

നാരായണൻ— ഇന്നു രാവിലെ അര മണിക്കൂറേ കിട്ടിയുള്ളു സ്വാമി. കുറഞ്ഞതു് ഒരു മണിക്കൂറെങ്കിലു. എക്സർസൈസ് എടുത്താലെ ബോധി ഡവലപ്പചെയ്യുകയുള്ളു.

[എക്സർസൈസ് തുടരുന്നു. അപേക്ഷകൻ കടന്നു വരുന്നു. ഫയൽവാൻറടുത്തു് ഒരു നിമിഷം നില്ക്കുന്നു. പ്യൂൺ മറെറാരു ഭാഗത്തേക്ക് പോയിക്കഴിഞ്ഞു. അപേക്ഷകൻ നേരെ സ്വാമിയുടെ മേശക്കുമുമ്പിൽ എത്തുന്നു. സ്വാമി തിരക്കു പിടിച്ച് ഏതോ ഫയൽ നോക്കുന്നതായി നടിക്കുന്നു.]

അപേക്ഷകൻ— സാറെ...

സ്വാമി— (തലയുയർത്തി) ങും. എന്തുവേണം?

അപേക്ഷകൻ— എൻെറ ആ കടലാസ്....

സ്വാമി— ഏതു കടലാസ്?

അപേക്ഷകൻ— വീടിൻെറ....

സ്വാമി— (ഓർത്തിട്ട്) ഓ വെള്ളപ്പൊക്കം. അതു് ഇതുവരെ പാസ്സായി വന്നില്ലല്ലോ. ഒരാഴ്ച കഴിഞ്ഞേവരു ..

അപേക്ഷകൻ— മാസം മൂന്നായി സാറെ. ഓണത്തിനു മുമ്പേ കേറി താമസിക്കണമെന്നാശിച്ചതാ.

സ്വാമി—സർക്കാരു കാര്യമല്ലേ? എന്തു ചെയ്യാം?

[അപേക്ഷകൻ നിരാശനായി പോകുന്നതിനിടയിൽ ആത്മഗതം]

അപേക്ഷകൻ— കടയിൽ കൊടുക്കാനുള്ളതു നൂററമ്പതു്. ഇന്നത്തെ ബസ്സുകൂലിയടക്കം മുപ്പത്തഞ്ചു്. (പോകുന്നു.) [ഇതിനിടയിൽ ഫയൽവാൻ വ്യായാമം നിർത്തി തൻെറ

ഷർട്ടെടുത്തിട്ട. സീററിലിരുന്നു. മേശവലിപ്പു തുറന്ന് പീ പ്പെടുത്ത് മുടി ചീകി. പത്രം നിവർത്തി സ്പോർട്സ് കോളം മാത്രം വായിക്കുന്നു]

നാരായണൻ— [എന്തോ കണ്ട് ഞെട്ടുന്നു] ങേ! ഉഷ പുറത്തായോ! തകർന്നു.

സ്വാമി— പെൺകുട്ടികളായാൽ പുറത്താകാതിരിക്കുമോ, മിസ്റ്റർ നാരായണൻ.

നാരായണൻ— അതല്ല സ്വാമീ. നമ്മുടെ പി. ടി. ഉഷ. സ്പോർട്സിനെപ്പററി സ്വാമിക്കെന്തറിയാം!
[തിരിഞ്ഞു്, കടന്നുവരുന്ന ഗോപിയോട്] ഗോപി, ആ ഫാനൊന്നിട്ട.... (ഗോപി ഫാനിട്ട കഴിയുമ്പോൾ) ചായ.

സ്വാമി— രണ്ട്. ഒന്ന് വിത്തൗട്ട്, നാരായണൻെറ പെജിൽ തന്നെ. അല്ലേ, മിസ്റ്റർ നാരായണൻ?

നാരായണൻ— അതേ സ്വാമി.

[ഈ സമയം ശാസ്ത്രസാഹിത്യ പരിഷത്തിൻെറ ഒരു പ്രവർത്തകൻ കടന്നു വരുന്നു]

സ്വാമി— ഉം. എന്തു വേണം?

ആഗതൻ— നമസ്തേ സർ, ഞാൻ ശാസ്ത്രസാഹിത്യ പരിഷത്തിൻെറ ഒരു പ്രവർത്തകനാണ്. പേര് ബാലചന്ദ്രൻ

സ്വാമി— ആകട്ടെ

ബാലചന്ദ്രൻ— സർ, പരിഷത്തിന് ഗ്രമീണ അക്കാദമിക്കവേണ്ടി സർക്കാർ കുറെ സ്ഥലം അനുവദിച്ചു തന്നിട്ടുണ്ട്. ആ സ്ഥലം ഒരു ഡിസ്പ്യൂട്ടിൽ കിടക്കുകയാണ്. തർക്കം കഴിയുന്നതുവരെ കാത്തിരിക്കാൻ പററില്ല. ആ ജി. ഓ. ഒന്നു കിട്ടിയാൽ ഉപകാരമായിരുന്നു.

[ഗോപി ചായയുമായി വന്നു, സ്വാമിയും നാരായണനും ചായ വാങ്ങി.]

സ്വാമി— ഇതെന്താ പുതിയ അക്കാഡമി. സാഹിത്യ അ

ക്കാഡമി, സംഗീതനാടക അക്കാഡമി, ലളിതകലാ അക്കാഡമി എല്ലാം നമുക്കറിയാം. ഇങ്ങനെയൊരക്കാഡമി കേട്ടിട്ടില്ലല്ലോ.

ബാലചന്ദ്രൻ— പരിഷത്തിന്റെ പുതിയൊരു സംരംഭമാണ്. നാട്ടിൻപുറങ്ങളിലുള്ള കഴിവുള്ള കലാകാരന്മാരേയും തൊഴിലാളികളേയും കണ്ടെത്തുകയാണ് അക്കാഡമിയുടെ ലക്ഷ്യം.

നാരായണൻ—കായിക താരങ്ങളെ ഉൾപ്പെടുത്തിയിട്ടില്ലേ?

സ്വാമി—കലാകാരന്മാരെല്ലാം തനിയെ വളരും. ജന്മവാസനയല്ലേ?

ബാലചന്ദ്രൻ— നമുക്കതെപ്പററി പിന്നീട് ചർച്ച ചെയ്യാം. ആ ജി. ഓ ?

സ്വാമി— നോക്കട്ടെ. പിന്നീട് വരൂ.

ബാലചന്ദ്രൻ— സർ ഇതങ്ങനെ നീട്ടിക്കൊണ്ടു പോയാൽ ആ സ്ഥലത്തർക്കം കോടതിയിലെത്തും.

സ്വാമി— ഹേ മിസ്റ്റർ, നിങ്ങളിങ്ങനെ തിരക്കു കൂട്ടിയാലെങ്ങനെയാ. ഇതൊരു സർക്കാരാഫീസല്ലേ? ഇവിടെ ചില ചിട്ടയും ക്രമവുമെല്ലാമുണ്ട്.

[ബാലചന്ദ്രൻ അസ്വസ്ഥനായി പോകുന്നു]

[ഫോണടിക്കുന്നു]

നാരായണൻ— എനിക്കായിരിക്കും.

[എഴുന്നേററു പോയി ഫോൺ അററൻറു ചെയ്യുന്നു]

നാരായണൻ— യെസ്സ് (മേലധികാരികളാരോ ആണ് വിളിക്കുന്നതെന്നു വ്യക്തമാക്കുന്ന മുഖഭാവം.) സ്വാമിക്കാ... കളക്ടറേററിൽ നിന്നു്.

സ്വാമി— (എഴുന്നേററ് ഫോൺ വാങ്ങി) യെസ്സ്, നീലകണ്ഠയ്യർ ഹിയർ. യെസ്സ് സർ....യെസ്സ്....സർ....ടൈപ്പിസ്റ്റ് ഒരാഴ്ച ലീവ്. ഞാനെന്തു ചെയ്യും സർ. ഓ....

ഓ....ചെയ്യാം സർ. (ഫോൺ താഴെ വക്കുന്നു. സ്വാമി ഫോൺ ചെയ്യുന്നതിനിടയിൽ കോൺട്രാക്ടർ തോമാച്ചൻ കടന്നു വരുന്നു. ഫോൺ ചെയ്യുന്നതിനിടയിലും സ്വാമി ഇരിക്കാൻ ആംഗ്യം കാണിക്കുന്നുണ്ട്.)

സ്വാമി— എന്തു ചെയ്യാം തോമാച്ചൻ മുതലാളി ഒരാഴ്ചയായി ടൈപ്പിസ്റ്റ് ലീവ്. അർജൻറ് പേപ്പേഴ്സ് എങ്ങനെ നീങ്ങും? കംപ്ലെയിൻസെല്ലാം നമ്മുടെ തലയിൽ.

തോമാച്ചൻ— അപ്പോൾ എൻെറ ബില്ലും ശരിയായിട്ടില്ലെന്നാവും, അല്ലേ?

സ്വാമി— മുതലാളിയുടെ കാര്യം ശരിയാക്കാതിരിക്കാനൊക്കുമോ? ഞാൻ തന്നെ എല്ലാം ശരിയാക്കി. ഇനി ടൈപ്പ് ചെയ്യണം അത്രതന്നെ.

തോമാച്ചൻ— ബിൽ വൈകുന്തോറും എനിക്കെത്ര നഷ്ടമാണെന്നറിയാമോ?

സ്വാമി— അതെല്ലാം നമുക്കറിയില്ലേ?

തോമാച്ചൻ— അതു കൊണ്ടായില്ല. എനിക്കുടനെ അത് ശരിയാക്കിക്കിട്ടണം.

സ്വാമി— (ആലോചിച്ച്) മിസ്റ്റർ നാരായണനു് ടൈപ്പറിയാമെന്നല്ലേ പറഞ്ഞതു്. പ്ലീസ് ഇതൊന്നു് ടൈപ്പ് ചെയ്യാമോ ?

നാരായണൻ— തോമാച്ചൻ മുതലാളിയുടെ കാര്യമായതു കൊണ്ടു് മാത്രം. (കടലാസു വാങ്ങി പോകുന്നു)

തോമാച്ചൻ— എനിക്കു് തഹസീൽദാരെയൊന്നു് കാണണം. പേപ്പർ ശരിയാകുമ്പോഴേക്കും ഞാൻ വരാം. (എഴുന്നേല്ക്കുന്നു.)

സ്വാമി— പിന്നെ നമ്മുടെ സിമൻറിൻെറ കാര്യം മുതലാളി മറന്നിട്ടില്ലല്ലോ.

തോമാ— ആ പുതിയ പാലത്തിൻെറ പണി തുടങ്ങട്ടെ. മഠത്തിലെത്തിച്ചേക്കാമെന്നേയ്.

സ്വാമി— വൈകിട്ട് കാണണമോ?

തോമാ— ഇന്നു വേണ്ടാ സ്വാമി. ചീഫ് എഞ്ചിനീയർ സൺ–ഇൻ–ലായും ഫാമിലിയും സഹിതം മലമ്പുഴ ട്ടൂറിനു് നാളെ പോകും. ഇന്നു തന്നെ പുള്ളിക്കാരനെ കാണേണ്ട ഒരു കാര്യമുണ്ട് (പോകുന്നു)

സ്വാമി— ജാതകഫലം അനുഭവിക്കാതൊക്കുമോ? ആണ്ടവാ.

(നാരായണൻ ടൈപ്പു ചെയ്ത പേപ്പറുമായി വരുന്നു)

നാരാ— മുതലാളി പോയോ?

സ്വാമി— ഉടനേ വരും.

നാരാ— സ്വാമീ മുതലാളിയെക്കൊണ്ടു് ഒരു കാര്യം ചെയ്യിക്കണം.

സ്വാമി— ഉം.... ഉം.... മിസ്റ്റർ നാരായണൻെറ മട്ടു കണ്ടപ്പോഴേ തോന്നി എന്തോ ഉണ്ടെന്നു്.

(പ്യൂൺ ഒരു ബുക്കും അതിനിടയിൽ മേലധികാരിയിൽ നിന്നുള്ള മാററക്കല്പനയും—അതേ കെട്ടിടത്തിൽ തന്നെയുള്ള മറെറാരു ഓഫീസിലേക്കു്–കൊണ്ടുവരുന്നു. സ്വാമിയുടെ മുമ്പിൽ വയ്ക്കുന്നു.)

സ്വാമി— (പുസ്തകത്തിൽ ഒപ്പിടുന്നു. കൊടുക്കുന്നു. കടലാസ്സെടുത്തു വായിച്ചു് സന്തോഷിക്കുന്നു. ഗോപി പോകുന്നു.)

നാരാ— എന്താണു് മുഖത്തു് സന്തോഷത്തിൻെറ മാരത്തോൺ

സ്വാമി— ആരറിവു നിയതി തൻ ത്രാസു പൊങ്ങുന്നതും താനേ.... ഒരു ചെറിയ മാററം.

നാരാ— എങ്ങോട്ടാ?

സ്വാമി— സിമൻറിലേക്കു്.

നാരാ— അപ്പോഴാ കോളടിച്ചല്ലോ. എന്നാണു് പോകുന്നതു്.

സ്വാമി— ഇപ്പോഴത്തന്നെ. ആണ്ടവാ നീതാൻ തുണൈ.

നാരാ— സ്വാമീ, എന്നെ കൂടി അങ്ങോട്ടു വലിക്കണേ!

സ്വാമി— അതെല്ലാം ഞാൻ ചെയ്യില്ലേ മിസ്റ്റർ നാരായണൻ?

നാരാ— നമുക്കവിടെയൊന്നു വിലസണം. അപ്പോ സ്വാമീടെ വക ഒരു ചായയാവട്ടെ. എന്താ?

സ്വാമി— അതു വേണോ? ട്രാൻസ്ഫറായില്ലല്ലോ. (ഗോപി പോകുന്നു.)

നാരാ— എന്നാലും സീമൻറിലേക്കല്ലേ? ഗോപീ രണ്ടു ചായ. ഒന്ന് വിത്തൗട്ട് (ഗോപി പോകുന്നു).

സ്വാമി— സദാശിവൻപിള്ളയോടും ഗോമതിയമ്മയോടും ഒന്നു പറയണം. ചായ അങ്ങോട്ടു കൊടുത്തയച്ചാൽ മതി.

നാരാ— മീററ് എഗെയിൻ ഇൻ സീമൻറ്.

(സ്വാമി പോകുന്നു)

ദാസ് (നല്ലവനായ സെക്ഷൻ ഓഫീസർ) പ്രവേശിക്കുന്നു.

നാരാ— എന്തു വേണം?

ദാസ്— ഞാൻ ചാർജെടുക്കാൻ വന്നതാണ്. പുതിയ എസ്സ്. ഒ.

നാരാ—ഗുഡ്മോണിംഗ് സർ

ദാസ്— നമസ്തേ! (പരസ്പരം പേരു ചോദിക്കുന്നു) സീററിലിരിക്കുന്നു.

ദാസ്— പ്യൂണെവിടെ ?

നാരാ— ചായ വാങ്ങിക്കാൻ പോയിരിക്ക്യാ. ഇപ്പോഴം വരും.

ദാസ്— പ്യൂണിനെക്കൊണ്ടാണോ ചായ വാങ്ങിക്കുന്നത്. അയാളും ഓഫീസ് പ്യൂണല്ലേ?

നാരാ—ഇവിടങ്ങനെയാ പതിവ്.

ദാസ്— ആ പതിവ് ഇനി പററില്ല.

(അപേക്ഷകൻ കടന്നു വരുന്നു. ദാസിനെ സമീപിക്കുന്നു.)

അപേക്ഷകൻ— സാർ....

ദാസ്— എന്താണു്?

അപേക്ഷകൻ— എൻെറ കടലാസ്.

ദാസ്— ഏതു കടലാസാണു്?

അപേ— വീടിൻെറ. മാസം മൂന്നാലായി. നടന്നു് നടന്നു് കാലു തേഞ്ഞു.

ദാസ്— മിസ്റ്റർ നാരായണൻ, എന്താണു് ഇയാളുടെ കേസ്?

നാരാ— വീടുവക്കാനുള്ള ധനസഹായത്തിനാ.

ദാസ്— അതിനിത്ര കാലതാമസം?

നാരാ— ആപ്ലിക്കേഷനിലെ ഡിഫെക്ട്സാ. ഓരോ പ്രാവശ്യം ഓരോന്നുണ്ടാവില്ല.

ദാസ്— (അപേക്ഷകനോട്) ഞാൻ പുതിയ ആളാണു്. രണ്ടു ദിവസത്തിനുള്ളിൽ നിങ്ങളുടെ കാര്യം ശരിയാക്കാം.

(ഗോപി ചായയുമായി വരുന്നു. ഒന്നു നാരായണനു കൊടുക്കുന്നു. പുതിയ എസ്സ്. ഒ. യെ കണ്ടു് തല കുനിക്കുന്നു.)

നാരാ— ഗോപീ, സ്വാമി അവിടെ കാണും. അല്ലെങ്കിൽ സിമൻറിൻ (ഗോപി ചായയുമായി പോയി.)

ദാസ്— മിസ്റ്റർ നാരായണൻ ഇയാളുടെ ഫയലെടുക്കൂ.

നാരാ— ആ ഗോപിയൊന്നു വന്നോട്ടെ (ഗോപി വരുന്നു.) ഗോപീ ആ അലമാരയുടെ മേലേത്തട്ടിൽ ചുവന്ന നാട കെട്ടിയ ഒരു ഫയലുണ്ടു് അതിങ്ങെടുക്കൂ.

(ഗോപി പൊടിനിറഞ്ഞ ഫയലെടുക്കുന്നു. ഫയലിൽ നിന്നു് ഒരു പാമ്പ് പുറത്തുവരുന്നു. ഗോപി അയ്യോ എന്നു്

പറഞ്ഞുകൊണ്ട് ചാടുന്നു. കൊല്ലാൻ മററാരും ധൈര്യപ്പെടാഞ്ഞതുകൊണ്ട് അപേക്ഷകൻ പാമ്പിനെ കൊല്ലുന്നു. ഗോപി ഭയന്നുവിറച്ച് പാമ്പിനെ പുറത്തുകൊണ്ടുകളയുന്നു. തറയിൽ വീണ ഫയൽ ഗോപി എടുത്തു പൊടികളഞ്ഞ് ദാസിനെ ഏൽപ്പിക്കുന്നു.)

ദാസ്— (ഫയൽ മറിച്ചുനോക്കി) തങ്കപ്പൻപിള്ളേ മററന്നാം വന്നോളൂ. ഞാൻ ശരിപ്പെടുത്തിവച്ചേക്കാം.

അപേ— മററന്നാള് ശരിയാകുമോ? ഇനിയുമെന്നെ നടത്തിക്കല്ലേ സാറേ.

(അപേക്ഷകൻ പോകുന്നു. പോകുമ്പോഴ—ആത്മഗതം കടയിലേതു 300, ശങ്കരൻ നായർക്ക് 150 എല്ലാംകൂടെ നാന്യൂററിയമ്പതു്. എതിരെ ബാലചന്ദ്രൻ കടന്നുവരുന്നു)

ബാല— എന്താ തങ്കപ്പൻപിള്ളേ ഇതുവരെ ശരിയായില്ലേ?

തങ്കപ്പൻപിള്ള— എൻെറ സാറേ മററന്നാം വരാനാ ഈ സാറു പറയുന്നേ ആ സ്വാമി പോയി. പുതിയ ആളാ. (പോകുന്നു)

ബാല— (ദാസിനെ സമീപിച്ച്) നമസ്തേ!

ദാസ്— നമസ്തേ!

ബാല— ഞാൻ ശാസ്ത്രസാഹിത്യ പരിഷത്തിൻെറ പ്രവർത്തകനാണ് പേരു് ബാലചന്ദ്രൻ.

ദാസ്— ഞാൻ. പരിഷത്തിൻെറ സുഹൃത്താണ്, പേരു് ദാസ്. ഇന്നിങ്ങോട്ട് മാറിയതാണ്.

ബാല— പരിഷത്തിൻെറ ഗ്രാമീണ അക്കാദമിയുടെ സ്ഥലത്തിനെക്കുറിച്ചൊരു തർക്കമുണ്ട്. പുതിയ ഒരു ജി. ഒ. വന്നിട്ടുണ്ടെന്നു കേട്ടു. അതൊന്നു കിട്ടാനാ ഞാൻ വന്നതു്.

ദാസ്— മിസ്റ്റർ നാരായണൻ, ആ ജി. ഒ. ഇവിടെ എത്തിയിട്ടുണ്ടോ?

നാരാ— ഇവിടെയൊന്നും കണ്ടില്ല.

ദാസ്— ഒന്നു നോക്കൂ.

നാരാ— (മനസ്സില്ലാ മനസ്സോടെ ഒരു ഫയൽ അട്ടിയിൽ നിന്നു് എടുക്കുന്നു. അതിൽനിന്നു് ഒരു കടലാസെടുത്തു്) ങ്ങാ....ഇവിടുണ്ടു്.

ദാസ്— ഒന്നും നോക്കാതെ ഇവിടെയില്ലെന്നു പറഞ്ഞാലോ നോക്കട്ടെ

(നാരായണൻ ജി. ഒ. ദാസിനുകൊടുത്തു. ദാസ് വായിച്ചുനോക്കി)

ദാസ്— മിസ്റ്റർ ബാലചന്ദ്രൻ, സംഗതിയൊക്കെ ശരിയായിട്ടുണ്ടു്. ഇനി കളക്ടറുടെ ഒരൊപ്പിന്റെ കാര്യമേ ഉള്ളു കലക്ടർക്കു് ഞാനിന്നു തന്നെ എഴുതാം. ഒരാഴ്ചക്കുള്ളിൽ കാര്യം റെഡിയാകും. അടുത്ത ബുധനാഴ്ച വന്നോളു.

ബാല— വളരെ ഉപകാരം. പിന്നെ ആ തങ്കപ്പൻപിള്ളയുടെ കാര്യമൊന്നു വേഗം ശരിയാക്കിയാൽ കൊള്ളാം സാർ, യാതൊരു ഗതിയുമില്ലാത്തവനാ.

ദാസ്— രണ്ടു ദിവസത്തിനുള്ളിൽ അയാളുടെ കാര്യം ശരിയാക്കും.

ബാ— എന്നാൽ ഞാനിറങ്ങട്ടെ. ബുധനാഴ്ചവരാം. (ബാലചന്ദ്രൻ പോകുന്നു. ഗോപി വരുന്നു)

ദാസ്— മിസ്റ്റർ നാരായണൻ വേഗം ഫയലുകൾ പുട്ടപ്പ് ചെയ്യണം.

നാരാ— എന്നെപ്പോലെ ആരോഗ്യമുള്ള ഒരാൾക്കുപോലും എടുക്കാൻ കഴിയാത്ത വർക്കു്ലോഡാണു്. പിന്നെ എന്തുചെയ്യും? യൂണിയൻകാർ വർക്കു്ലോഡ് കുറയ്ക്കുമെന്നു പറഞ്ഞു് സംഭാവന പിരിക്കും.

ദാസ്— നമ്മുടെ ബുദ്ധിമുട്ടുകൾക്കു പരിഹാരം ഫയലുകൾ നീക്കാതിരിക്കലല്ല.

(ഫോണടിക്കുന്നു. ദാസ് ഫോൺ അറ്റൻറ് ചെയ്യുന്നു.)

എന്തു്! ഇതെന്തൊരു ട്രാൻസ്ഫറാണു സാർ. ഇവിടെ വന്നു് ഫയലുകരം പഠിക്കാൻ തുടങ്ങിയതേയുള്ളു. യെസ്, യെസ് എന്നാലും ഇതിനൊക്കെയൊരു ചട്ടമില്ലേ സാർ...... (ഫോൺ അമർഷത്തോടെ താഴെ വച്ചു.)

നാരായ— എന്തുപററി സാർ?

ദാസ്— വീണ്ടും മാററം

നാരാ— ആരാ പകരം

ദാസ്— നീലകണ്ഠയ്യർ (പോകുന്നു)

നാരാ— (ഗോപിയോട്) നമ്മുടെ കമ്പനി അങ്ങനെയൊന്നും പൊളിയില്ല ഗോപി.

സ്വാമി— "വരുമോരോദശ വന്നപോലെ പോം"........ എന്നു പാടിക്കൊണ്ടു് പ്രവേശിക്കുന്നു.

നാരാ— വരു വരു സ്വാമീ, ഗോപീ രണ്ടു് ചായ, ഒന്നു് വിത്തൗട്ട്.

സ്വാമി— മൂഷിക സ്ത്രീ വീണ്ടും മൂഷിക സ്ത്രീയായി. സിമൻറിലേക്ക് മിനിസ്റ്ററുടെ ഒരാളുണ്ടത്രേ. ആണ്ടവാ! എന്തെല്ലാം മോഹിച്ചതാണു്.

(തങ്കപ്പൻപിള്ള കടന്നു വരുന്നു)

തങ്ക— സാറേ !

സ്വാ— മ്? എന്തുവേണം

തങ്ക— എന്റെ കടലാസ്....

സ്വാ— ഏതു കടലാസ്?

തങ്ക— സാറിത്രവേഗം മറന്നോ, കഴിഞ്ഞ തവണ വന്നപ്പോ മറേറ സാറു് ഇന്നെല്ലാം ശരിയാക്കിത്തരാമെന്നു പറഞ്ഞു.

സ്വാമി— എന്നാ മറേറ സാറിനോടു് പോയി ചോദിക്കു്

നാരാ— എന്തൊരു സേവനം, ഹരിച്ചന്ദ്രനല്ലേ. എന്നെയൊന്നു് വിരട്ടാൻ നോക്കി.

സ്വാ— എന്നിട്ട്?

നാരാ— ഞാനുണ്ടോ വിടുന്നു. എത്ര പേരെ കണ്ടതാ ഈ നാരായണൻ

സ്വാമി— ഗുഡ്....വെരിഗുഡ്

തങ്ക— സാറേ എന്റെ കാര്യം.

സ്വാമി— നോക്കട്ടെ; ഇന്നു പററില്ല.

തങ്ക— ഞാനെത്ര പ്രാവശ്യം നടന്നു. ഇനി അതു കിട്ടിയിട്ടേ പോകുന്നുള്ളൂ,

സ്വാമി— താനിവിടെ അട്ടിപ്പേറ് കിടന്നതുകൊണ്ട് കാര്യമില്ല. ടൈപ്പിസ്റ്റ് ലീവ്, കളക്ടർ ലീവ്, പി. എ കോൺഫറൻസില് പോ—പോ

തങ്ക— (എന്തോ പിറുപിറുത്തു കൊണ്ട് പുറത്തേക്ക് പോകുമ്പോൾ ബാലചന്ദ്രൻ വരുന്നു.)

ബാല— എന്താ തങ്കപ്പൻപിള്ളേ ശരിയായില്ലേ?

തങ്ക— മററേ സാറുപോയി, ഞാനെന്തു ചെയ്യണം സാറേ?

ബാല— നിൽക്കു. (സ്വാമിയെ സമീപിച്ച്)

സാർ. ഈ—മനുഷ്യൻ ഇവിടെ കയറിയിറങ്ങാൻ തുടങ്ങിയിട്ട് മാസം നാലായി. ഇന്നെന്തായാലും ശരിയാക്കാമെന്നു് ദാസ് സാർ ഏററിരുന്നതാണ്.

സ്വാമി—ഹേ മിസ്റ്റർ, പലരും പലതും പറയും, ഇതൊക്കെ സർക്കാരാഫീസ്സാണ്. ഇവിടത്തെ പ്രോസീഡിയേഴ്സ് നിങ്ങൾക്കറിഞ്ഞുകൂടാ.

ബാല— (ക്ഷുഭിതനായി)

പ്രൊസീഡിയർ, സാർ, ഈ P3 സെക്ഷനിൽ കുറെക്കാലമായി നടക്കുന്ന കാര്യങ്ങൾ പൊതുജനങ്ങൾ നന്നായി മനസ്സിലാക്കുന്നുണ്ട്. ഒരു കാര്യം. കണ്ണിൽ ച്ചോരയില്ലാത്ത ഉദ്യോഗസ്ഥന്മാരുടെ അഴിഞ്ഞാട്ടത്തി

നെതിരായി ജനങ്ങൾ ഒന്നിച്ച ശബ്ദമുയർത്താൻ ഇനിയധികം കാത്തിരിക്കേണ്ട.

[തങ്കപ്പൻ പിള്ളയോട്] വരൂ നമുക്ക് കളക്ടറെക്കാണാം. രണ്ടിലൊന്നറിഞ്ഞേ മതിയാവൂ [തങ്കപ്പൻപിള്ളയേയും കൂട്ടി പോകുന്നു]

സ്വാമി— യു ക്യാൻ ഗോ എനി വേർ യു വാൺട്.

നാരാ— പോലീസിനു ഫോൺ ചെയ്യേണ്ടതായിരുന്നു സാർ.

സ്വാമി— പോകട്ടെ. നമ്മളിതെത്ര കണ്ടതാണ മിസ്ററർ നാരായണൻ.

നാരാ— സമയം മൂന്നര കഴിഞ്ഞു. എനിക്കല്പം നേരത്തെ പോകണം സ്വാമി. ഇന്നു് ഒരു നല്ല മാച്ചുണ്ട്

സ്വാമി— ശരി ശരി ഇനിയിതു് ആവർത്തിക്കരുതു്.

[നാരായണൻപോകുന്നു.]

സ്വാമി— ഗോപീ, നമുക്കും ഇന്നല്പം നേരത്തേ പോകണം. കോയമ്പത്തൂർ നിന്നു് മകളും മററും വരുന്നുണ്ട്.

[സ്വാമിയും പോകുന്നു]

ഗോപി— ആരൊക്കെ നേരത്തെ പോയാലും ഈ വാതിലടക്കാതെ എനിക്ക പോകാൻ പററുമോ. ഏതായാലും കതകടച്ചു തുടങ്ങാം. അപ്പോഴേക്കും മററുള്ളവരും പോയിക്കിട്ടുമായിരിക്കും.

[ഗോപി കതകടയ്ക്കുവാൻ പോകുന്നു]

രംഗം 3

(പൊതുയോഗം)

രംഗത്തു് മൂന്നു കടസരകൾ, തങ്കപ്പൻപിള്ള, ദാസ്, പരിഷത്ത് പ്രവർത്തകൻ മുതലായവർ. തങ്കപ്പൻ പിള്ളയും, ദാ

സ്സും, ഹെഡ്മാസ്റ്ററും കസേരകളിൽ. പരിഷത്ത് പ്രവർത്ത കൻ പ്രസംഗിക്കുന്നു.

പരിഷത്ത്— സുഹൃത്തുക്കളെ! നമുക്കിന്നൊരു സുദിനമാണ്. നാലു മാസമായി ഈ സ്കൂളിൻെറ വരാന്തയിൽ കഴിഞ്ഞുകൂടുന്ന പാവപ്പെട്ട ഒരു കുടുംബത്തിനു ചെറിയ ഒരാശ്വാസം നൽകാൻ നമ്മുടെ ഗ്രാമശാസ്ത്രസമിതിക്കു കഴിഞ്ഞിരിക്കുന്നു എന്നതിൽ നമുക്കഭിമാനിക്കാം. കാലവർഷത്തിൽ വീടു നഷ്ടപ്പെട്ടവർക്കു പതിനായിരം രൂപ വരെ ധനസഹായം നൽകുവാനുള്ള പദ്ധതി ഇവിടെ ഉണ്ട്. പക്ഷെ മറെറല്ലാ വികസന പദ്ധതികളെയും പോലെ ഇതും യഥാർത്ഥ ആവശ്യക്കാർക്കു ലഭിക്കുന്നില്ല എന്നതിൻെറ ഉദാഹരണമാണ് ഈ ഇരിക്കുന്ന തങ്കപ്പൻ പിള്ള. നാലു മാസം സർക്കാരാഫീസിൽ കയറിയിറങ്ങി സർക്കാരിൻെറ കാരുണ്യത്തിനുവേണ്ടി സർവസ്വവും അടിയറവച്ചു. അദ്ദേഹത്തിനു അവസാനം കിട്ടിയതു് വെറു അമ്പതു രൂപയാണ്. പാവപ്പെട്ട മനുഷ്യരുടെ പ്രശ്നങ്ങൾക്കു നേരേയുള്ള ഈ ക്രൂരമായ അവഗണനയ്ക്കെതിരെ ജനങ്ങൾ ഉണർന്നെഴുന്നേററേ മതിയാവൂ. ഗ്രാമശാസ്ത്രസമിതിയുടെ ആഭിമുഖ്യത്തിൽ നാട്ടുകാരിൽ നിന്നും പരിച്ചെടുത്ത സംഭാവന 7514 രൂപ 15 പൈസ തങ്കപ്പൻപിള്ളയ്ക്കു നൽകുവാൻ ബഹുമാനപ്പെട്ട ഹെഡ്, മാസ്റ്റർ അവർകളെ ക്ഷണിക്കുന്നു.

[ഹെഡ്മാസ്റ്റർ എഴുന്നേററു വരുന്നു പരിഷത്ത് പ്രവർത്തകൻ ഒരു കവർ അദ്ദേഹത്തെ ഏല്പിക്കുന്നു. തങ്കപ്പൻ പിള്ളയോടു് വാങ്ങിക്കുവാൻ പറയുന്നു. തങ്കപ്പൻ പിള്ള വികാരാധീനനായി കവർ വാങ്ങി.

പരിഷത്ത്— ശ്രീമാൻ തങ്കപ്പൻ പിള്ളയോടു് ഞങ്ങൾക്ക് ഒരഭ്യർത്ഥനയുണ്ട്. സ്വന്തം അനുഭവം അദ്ദേഹത്തിൽ നിന്നു

തന്നെ കേൾക്കുന്നതു് നമുക്കെല്ലാം ഒരു പാഠമായിരിക്കും. അദ്ദേഹത്തെ അതിനായി ക്ഷണിക്കുന്നു.

[തങ്കപ്പൻ പിള്ള മൈക്കിനെ സമീപിക്കുന്നു. ഒന്നും മിണ്ടാതെ വിങ്ങിപ്പൊട്ടി തറയിലിരിക്കുന്നു.]

(അവസാനിച്ചു)

□

സയൻസ് ക്രീം ക്വിസ്

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
പ്രസിദ്ധപ്പെടുത്തുന്നത്

കുട്ടികൾക്ക് പുതിയ അറിവും വെളിച്ചവും. മുതിർന്നവർക്ക് ലളിതമായ റഫറൻസ് ഗ്രന്ഥങ്ങൾ. ഡമ്മി 1/8 വലിപ്പത്തിൽ 56 പേജ് വീതം 4 പുസ്തകങ്ങൾ

പ്രകാശനം 1981 ഫെബ്രുവരി 15

പ്രകൃതി

സമൂഹം

ശാസ്ത്രം

ഇവയെക്കുറിച്ചുള്ള സംക്ഷിപ്തവും ബൃഹത്തുമായ അറിവ് ഏററവും രസകരവും ലളിതവുമായ ക്വിസ് രൂപത്തിൽ.

അതാണ്

സയൻസ് ക്രീം ക്വിസ്

മുഖവില 16 രൂപ
പ്രീപബ് വില 10 രൂ

പുസ്തകം സ്വീകരിക്കുമ്പോൾ തപാൽ ചെലവുമാത്രം നൽകുക.

അല്ലെങ്കിൽ

5 രൂപ അടച്ച് പേരു് രജിസ്റ്റർ ചെയ്യുക പുസ്തകം സ്വീകരിക്കുമ്പോൾ 6 രൂപയും തപാൽ ചെലവും മാത്രം നൽകിയാൽ മതി. [ചെക്ക് സ്വീകരിക്കുന്നതല്ല]

കത്തുകളും പണവും

കൺവീനർ, പ്രസിദ്ധീകരണസമിതി

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്,

തിരുവനന്തപുരം—695 001 എന്ന വിലാസത്തിൽ